

■ മാലേഗാവ് സ്ഫോടനത്തിൽ പരിക്കേറ്റ അസ്മി ഫർഹാൻ

# സ്ഫോടന ഭീകരതയിൽ സംഘ്പരിവാറിന്റെ പങ്ക്

**കവർസ്റ്റോറി**

○

**സദ്റുദ്ദീൻ വാഴക്കാട്**

**1933** ഫെബ്രുവരി 27. ജർമൻ പാർലമെന്റ് മന്ദിരം (Reichtag building, Berlin) അഗ്നിക്കിരയാക്കപ്പെട്ടു. പ്രസിഡന്റ് പോൾ വോൺ ഹിൻഡൻബർഗ് (Paul Von Hinden-burg), ചാൻസലർ അഡോൾഫ് ഹിറ്റ്ലർ, മന്ത്രി ഗോറിംഗ്, പ്രചാരണ വകുപ്പ് അധ്യക്ഷൻ ഡോ. ജോസഫ് ഗീബൽസ് തുടങ്ങിയവർ വാർത്തയറിഞ്ഞ് സ്ഥലത്തെത്തുമ്പോൾ പാർലമെന്റ് മന്ദിരത്തിൽ തീ ആളിപ്പടർന്നിരുന്നു. നിമിഷങ്ങൾക്കകം റെയ്ഷ്റ്റാഗ് കത്തിയമർന്നു.

കമ്യൂണിസ്റ്റുകാരാണ് പാർലമെന്റ് മന്ദിരത്തിന് തീവെച്ചതെന്ന് ഹിറ്റ്ലർ ഉടൻ പ്രഖ്യാപിച്ചു. അതിനുള്ള തെളിവുകൾ കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞ മന്ത്രി ഗോറിംഗ്, കമ്യൂണിസ്റ്റ്

നേതാക്കളെ അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു. നാടൊട്ടുക്കും കമ്യൂണിസ്റ്റ് വേട്ട ശക്തമായി. പോലീസും മാധ്യമങ്ങളും വൻകിട ബിസിനസ്സുകാരുൾപ്പെടുന്ന ഉപരിവർഗവും 'രാജ്യദ്രോഹികൾ'ക്കെതിരായ പോരാട്ടത്തിൽ ഹിറ്റ്ലറുടെ പക്ഷത്തുനിന്നു. ഭീകര വിരുദ്ധ നിയമങ്ങൾ പിറന്നു, ജനാധിപത്യം കൊലചെയ്യപ്പെട്ടു. 'നാസിസം' ജർമനിയെ വിഴുങ്ങി, അഡോൾഫ് ഹിറ്റ്ലർ ജർമനിയുടെ അധിപനായി!

എന്തായിരുന്നു പ്രമാദമായ ഈ പാർലമെന്റ് ആക്രമണത്തിന്റെ പിന്നാമ്പുറം? ആരായിരുന്നു അതിന്റെ പ്രായോജകർ?

1. ജർമൻ വംശവിശുദ്ധിവാദം ഉയർത്തി രംഗത്തുവന്ന ഹിറ്റ്ലർ, വംശീയതയെ ഊതിക്കത്തിച്ച് അധികാരം പിടിച്ചെടുക്കാൻ പദ്ധതികൾ ആവിഷ്കരിച്ചു. 1933 ജനുവരി 31-ന് ജർമൻ പാർലമെന്റിന്റെ ചാൻസലറായി നിയമിക്കപ്പെട്ട ഹിറ്റ്ലർ, പാർലമെന്റ് പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്താനും പുതിയ പാർലമെന്റ് രൂപീകരിക്കാനും പ്രസിഡന്റിനോട് ആവശ്യപ്പെട്ടു. 1933 മാർച്ച് അഞ്ചിന് തെരഞ്ഞെടുപ്പ് നടക്കുമെന്ന പ്രഖ്യാപനം വന്നു.

2. ജർമനിയെ പൂർണമായും കൈപ്പിടിയിലൊതുക്കണമെങ്കിൽ ജനാധിപത്യം തകരുകയും ഫാഷിസം വിജയിക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. പാർലമെന്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിച്ചെങ്കിലേ ജനാധിപത്യത്തെ കൊല ചെയ്യുന്ന നിയമങ്ങൾ പാസ്സാക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ പതിനേഴ് ശതമാനം മാത്രമായിരുന്നു നാസി പാർട്ടിക്ക് പാർലമെന്റിലെ പ്രാതിനിധ്യം. ഈ അവസ്ഥയിൽനിന്ന് മൂന്നിൽ രണ്ടിന്റെ വൻ വിജയത്തിലേക്കെത്താൻ ഹിംസാത്മക ദേശീയതയും വംശീയതയും മാത്രമായിരുന്നു ഹിറ്റ്ലറുടെ മുമ്പിലുള്ളവഴി.

3. ജർമൻ ദേശീയതയുടെയും ജനാധിപത്യത്തിന്റെയും പ്രതീകമായ പാർലമെന്റ് മന്ദിരം ആക്രമിക്കാൻ ഹിറ്റ്ലറുടെ നേതൃത്വത്തിൽ നിഗൂഢമായ പദ്ധതികൾ ആസൂത്രണം ചെയ്തു. വാൻ ഡർ ലുബ്ബി (Van der Lubbee) ഉൾപ്പെടെയുള്ള ക്രിമിനലുകളെ അതിനു വേണ്ടി ഒരുക്കിനിർത്തി. അങ്ങനെ നാസികളുടെ രഹസ്യ നേതൃത്വത്തിൽ, വിലയ്ക്കെടുക്കപ്പെട്ടവർ പാർലമെന്റ് മന്ദിരത്തിന് തീവെച്ചു.

4. അന്വേഷണം നടത്തുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്യുംമുമ്പേയാണ്, കമ്യൂണിസ്റ്റുകാരാണ് പാർലമെന്റ് ആക്രമണത്തിന് പിന്നിലെന്ന് ഹിറ്റ്ലർ പ്രഖ്യാപിച്ചത്. നാസി പാർട്ടിതന്നെ ആക്രമണം നടത്തി, കുറ്റം കമ്യൂണിസ്റ്റുകളുടെ മേൽ കെട്ടിവെച്ച്, അവരെ വേട്ടയാടാൻ നടത്തിയ ഗൂഢാലോചന വിജയിച്ചു. യഥാർഥത്തിൽ, അറസ്റ്റ് ചെയ്യേണ്ട കമ്യൂണിസ്റ്റ് നേതാക്കളുടെ പേരുകളടങ്ങിയ ലിസ്റ്റ്, പാർലമെന്റിന് തീവെക്കുന്നതിന് മുമ്പുതന്നെ നാസി പാർട്ടി പോലീസിനെ ഏൽപിച്ചിരുന്നു.

5. 'ദേശീയതയുടെ പ്രതീകമായ പാർലമെന്റ് ആക്രമിച്ചവർ ഈ രാജ്യമൊന്നാകെ നശിപ്പിക്കാൻ മടിക്കുകയില്ലെന്നും രാജ്യദ്രോഹികളെയും ഭീകരവാദികളെയും അമർച്ച ചെയ്യാൻ നാസി പാർട്ടിയെ വിജയിപ്പിക്കണമെന്നും' ഹിറ്റ്ലർ പ്രഖ്യാപിച്ചു. ജോസഫ് ഗീബൽസിന്റെ നേതൃത്വത്തിൽ പ്രചണ്ഡമായ പ്രചാരണം നടന്നു. വിഷയം 'ദേശസ്നേഹ'ത്തിന്റേതായതിനാലും മറു ചോദ്യങ്ങളും സംശയങ്ങളും 'ദേശദ്രോഹ'പരമായതിനാലും, പ്രതിപക്ഷ കക്ഷികൾ എതിർത്ത് ഒരക്ഷരം മിണ്ടിയില്ല.

6. ഒന്നാം ലോകയുദ്ധം അവസാനിച്ച് നിലവിൽവന്ന വേഴ്സൽസ് ഉടമ്പടിയിലൂടെ അപമാനിതരായ ജർമൻ ജനതയുടെ നിരാശാബോധത്തെ, ദേശീയതയുടെയും വംശമേധാവിത്വത്തിന്റെയും മുദ്രാവാക്യങ്ങളുയർത്തി മറികടന്ന ഹിറ്റ്ലറുടെ

നാസിസം, കമ്യൂണിസ്റ്റുകാരെയും ജൂതന്മാരെയും അപരവത്കരിച്ച്, ദേശദ്രോഹിക ളായി മുദ്രകുത്തി, സർവായുധ സജ്ജരായി നടത്തിയ പ്രചാരണങ്ങൾക്കൊടുവിൽ തെരഞ്ഞെടുപ്പിൽ വിജയിച്ച് പാർലമെന്റിൽ ഭൂരിപക്ഷം നേടി. ഹിറ്റ്ലർ ജർമനിയുടെ പരമാധികാരിയായി. പിന്നീട് ജർമനിയിൽ എന്തു നടന്നുവെന്നതിന് ചരിത്രം സാക്ഷി.

## ഹിറ്റ്ലറും മുസോളിനിയും വഴികാണിക്കുന്നു

ജർമനിയിൽ ഹിറ്റ്ലർ വിജയകരമായി നടപ്പാക്കിയ നാസിസവും, ഇറ്റലിയിൽ മുസോളിനി പ്രയോഗവത്കരിച്ച ഫാഷിസവും അനന്തരമെടുത്താണ് ഇന്ത്യയിൽ സംഘ്പരിവാർ പ്രവർത്തിക്കുന്നത്. ഹിറ്റ്ലറെയും മുസോളിനിയെയും ഗുരുവര്യന്മാ രായി കാണുന്ന സംഘ്പരിവാറിന്റെ താത്ത്വികാചാര്യന്മാർ, ഫാഷിസത്തിൽനിന്നും നാസിസത്തിൽനിന്നും സൈദ്ധാന്തികാടിത്തറ കണ്ടെത്തുകയും അവരുടെ പദ്ധതി കളും ശൈലികളും തങ്ങളുടെ നയവും പരിപാടികളും രൂപവത്കരിക്കാൻ മാതൃക യാക്കുകയും ചെയ്തു.

വിവിധ പോഷക സംഘടനകളിലെ അംഗങ്ങൾക്ക് ആയുധ പരിശീലനം നൽകു ക, അർധ സൈനിക സ്വഭാവത്തിൽ മിലിട്ടറി ഫോഴ്സ് രൂപപ്പെടുത്തുക, 'ശത്രു ക്കളെ' ഉന്മൂലനം ചെയ്യാൻ കലാപങ്ങളും സ്ഫോടനങ്ങളും കൊലപാതകങ്ങളും ഉൾപ്പെ ടെയുള്ള ഓപറേഷനുകൾ സ്വന്തം അണികളെ കൊണ്ട് നടത്തിക്കുക, അതിനു പിന്തു ണയും സഹായവും ലഭിക്കുന്ന പോലീസ്-സൈനിക വിഭാഗങ്ങളെയും ബ്യൂറോക്ര സി-മീഡിയകളെയും മാറ്റിയെടുക്കുക, അതിന് വേണ്ടി സൈനിക സ്കൂൾ സ്ഥാപി ക്കുക തുടങ്ങിയ സംഘ്പരിവാർ ആസൂത്രണങ്ങൾ ഹിറ്റ്ലർ-മുസോളിനിമാരിൽനിന്ന് കടമെടുത്തതാണ്. 'അപരന്മാ'രെ സൃഷ്ടിച്ച് അവരെ ശത്രുക്കളായി അവതരിപ്പിക്കു ക, അവർക്കെതിരെ ആക്രമണങ്ങൾ നടത്തി അതിന്റെ പാപഭാരം കൂടി 'ശത്രുക്ക ളിൽ' ആരോപിക്കുക, നിരപരാധികളെ വേട്ടയാടുക ഇതൊക്കെയും ഹിറ്റ്ലർ-മുസോ ളിനിമാരുടെ രീതികളാണ്. മാധ്യമ പ്രചാരണത്തിലൂടെ യാഥാർഥ്യ(fact)ത്തേക്കാൾ വിശ്വാസ(faith)ത്തിന് മേധാവിത്വം ലഭിക്കുന്ന സമൂഹികാന്തരീക്ഷത്തിൽ 'പ്രതിപ ക്ഷം' എന്നൊന്ന് ഇല്ലാതാകുന്നു; മറുചോദ്യങ്ങൾ ഉയരാതാകുന്നു.

ഇന്ത്യയിൽ നടന്ന പല സ്ഫോടനങ്ങൾക്കു പിന്നിലും രാജ്യദ്രോഹികളായ തീവ്രവാദ സംഘടനകളാണ്. നമ്മുടെ ശത്രു രാജ്യങ്ങളുടെ പിന്തുണയും അവർക്ക് ലഭിച്ചിട്ടുണ്ടാകും. അറബി, ഉർദു പേരുകളുള്ള തീവ്രവാദ സംഘടനകളാണ് പല സ് ഫോടനങ്ങളും സംഘടിപ്പിച്ചിട്ടുള്ളതെന്ന് ഇന്റലിജൻസ് കണ്ടെത്തിയിട്ടുമുണ്ട്. എന്നാൽ ഈ സ്ഫോടനക്കേസുകളിലെല്ലാം യഥാർഥ പ്രതികളെ പിടികൂടി, കൃത്യമായ തെളി വുകൾ ശേഖരിച്ച് കുറ്റവാളികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇതു സംബന്ധിച്ച മാധ്യമ പ്രചാരണങ്ങൾ എത്രത്തോളം ആധികാരികമാണ്? സ്ഫോടനത്തിന്റെ പേരിൽ പിടികൂടപ്പെട്ട പ്രതികൾക്കും അന്വേഷണ ഉദ്യോഗസ്ഥ രുടെ വെളിപ്പെടുത്തലുകൾക്കും പിന്നീട് എന്തു സംഭവിച്ചു? രാജ്യത്തെ നടുക്കിയ സ്ഫോടനങ്ങൾക്കു പിന്നിൽ പ്രവർത്തിച്ച തീവ്രവാദ സംഘടനകൾ ആരൊക്കെ യാണ്?

## ഗോഡ്സെ മുതൽ പ്രജ്ഞാസിംഗ് വരെ

ആവർത്തിക്കപ്പെടുന്ന ബോംബ് സ്ഫോടനങ്ങളെക്കുറിച്ചും അവയെ പ്രതി നടക്കുന്ന അന്വേഷണങ്ങളെപ്പറ്റിയും പലതരം സംശയങ്ങൾ ചില 'വിമത ചിന്തകർ' നേരെത്തേ പ്രകടിപ്പിച്ചിരുന്നു. സ്ഫോടനക്കേസുകൾ അന്വേഷിക്കുന്ന ഉദ്യോഗസ്ഥ

■ ബാൽതാക്കറെ



■ ഹിറ്റ്ലർ



രിൽ ചിലർ ഇത്തരം ചില സംശയങ്ങൾക്ക് ഉത്തരം തേടി സ്ഫോടനങ്ങളുടെ പിന്നാമ്പുറങ്ങളിലെ ഇരുൾ നിലങ്ങളിലേക്ക് ടോർച്ചടിച്ചപ്പോഴാണ് ഉഗ്ര വിഷമുള്ള സർപ്പങ്ങൾ മാളങ്ങളിലൊളിച്ചിരിക്കുന്നതായി കണ്ടെത്തിയത്.

രാജ്യത്തെ നടുക്കിയ പല ഭീകരാക്രമണങ്ങളുടെയും സ്ഫോടനങ്ങളുടെയും പിന്നിൽ സംഘ്പരിവാർ സംഘടനകളും കാവിയുടുത്ത സ്വാമിമാരും സാധ്വിമാരുമാണെന്ന് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തി. നമ്മുടെ നികുതിപ്പണം കൊണ്ട് വാങ്ങിയ സൈന്യത്തിന്റെ ആയുധങ്ങൾ വരെ സംഘ്പരിവാർ ഉപയോഗിച്ചതായി പത്രങ്ങൾ വെളുപ്പെടുത്തുന്നു. ദേശീയതയുടെയും രാജ്യസ്നേഹത്തിന്റെയും 'അഭിനവ ഭാരത്' പ്രതീകങ്ങൾ നഗ്നരാക്കപ്പെട്ടപ്പോൾ, രാജ്യരക്ഷയുടെ ഉരുക്കു രൂപങ്ങൾ വരെ അപസ്മാരമിളകിയപോലെ സംസാരിക്കാൻ തുടങ്ങി. കാഷായ വേഷം ധരിച്ച സ്വാമി പ്രജ്ഞാ സിംഗ് ഠാക്കൂർ മുതൽ ലഫ്റ്റനന്റ് കേണൽ പുരോഹിത് വരെയുള്ളവർ സ്ഫോടനങ്ങൾക്ക് പിന്നിലെ ചങ്ങലയിൽ കണ്ണികളാണെന്ന് കേൾക്കുമ്പോൾ ഫാഷിസത്തിന് പടരാൻ ഇനി ബാക്കിയുള്ള ഇടങ്ങളേതാണ്? സന്യാസി വേഷം കെട്ടിയ ദയാനന്ദ് പാണ്ഡെ എന്ന ഭീകരനാണ് സ്ഫോടനങ്ങൾക്ക് പിന്നിലെ ഒരു പ്രധാന തലച്ചോർ. ഈ പാണ്ഡെക്ക് ജമ്മു കശ്മീർ മുൻ ഗവർണർ എസ്.കെ സിൻഹയുമായി അടുത്ത ബന്ധമാണുള്ളതെന്ന് പത്രറിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. സിൻഹ ഗവർണറായിരിക്കെ ശ്രീനഗർ രാജ്ഭവനിൽ സ്ഥിരം അതിഥിയായിരുന്നുവത്രെ പാണ്ഡെ. ജമ്മു കശ്മീരിലെ പല ക്ഷേത്രങ്ങളും സിൻഹയും പാണ്ഡെയും ഒരുമിച്ച് സന്ദർശിച്ചിരുന്നതായി ശിരസ്താദേവി ക്ഷേത്ര സമിതി സെക്രട്ടറി മഹാരാജ് കൃഷ്ണ പണ്ഡിറ്റ് വെളിപ്പെടുത്തുകയുണ്ടായി. ജമ്മു കശ്മീരിൽ വർഗീയത പടർത്തിയ അമർനാഥ് ക്ഷേത്രഭൂമി വിവാദത്തിലെ നായകനാണ് മുൻ ഗവർണർ സിൻഹ. സ്ഫോടനങ്ങൾക്ക് പിന്നിലെ തലച്ചോർ ദയാനന്ദ് പാണ്ഡെ സിൻഹയുടെ കൂട്ടാളിയാണെങ്കിൽ ജമ്മു കശ്മീരിൽ നടന്ന പല സ്ഫോടനങ്ങളുടെയും പിന്നിൽ ആരായിരിക്കും?

'ആത്മീയ' സംഘടനകളുടെയും ആശ്രമങ്ങളുടെയും നേതാക്കളുടെയും ആഭിമുഖ്യത്തിലാണ് സംഘ്പരിവാർ ഭീകര സ്ഫോടനങ്ങൾ സംഘടിപ്പിച്ചതെന്ന വാർത്ത ഞെട്ടലുളവാക്കുന്നതാണ്. ആഴ്ചതോറും ആത്മീയ സദസ്സുകളും ധ്യാനങ്ങളും

വിദ്യാർഥികൾക്ക് ഗൈഡൻസ് ക്ലാസ്സുകളും സ്പിരിചൽ വർക്ക് ഷോപ്പുകളും വ്യക്തിത്വ വികസന പരിപാടികളും സംഘടിപ്പിക്കുന്ന മതാഭിമുഖ്യമുള്ള സംഘടനകൾ രാജ്യദ്രോഹപരവും വർഗീയതയിലധിഷ്ഠിതവുമായ ഭീകര കൃത്യങ്ങളിൽ ഏർപ്പെടുകയെന്നത് സാധാരണ കേട്ടുകേൾവി പോലുമില്ലാത്തതാണ്. തീവ്രവാദ- ഭീകരവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ പൊതുവെ ആ മുഖത്തോടെ തന്നെയാണ് ആളുകളെ സംഘടിപ്പിക്കുകയും പരിശീലിപ്പിക്കുകയും ഓപ്പറേഷനുകൾ നടത്തുകയും ചെയ്യാറുള്ളത്. പക്ഷേ, മതത്തിന്റെയും ആത്മീയതയുടെയും മറവിൽ ഭീകര സ്ഫോടനങ്ങൾ സംഘടിപ്പിച്ചുകൊണ്ടിരുന്ന സംഘ്പരിവാർ തന്നെയാണ്, മദ്റസകളെയും മസ്ജിദുകളെയും തീവ്രവാദത്തിന്റെ വളർത്തു നിലങ്ങളെന്ന് ആക്ഷേപിച്ച് അടച്ചുപൂട്ടാൻ മുറവിളി കൂട്ടിക്കൊണ്ടിരുന്നത്. എന്തൊരു വിരോധാഭാസം! തങ്ങൾ ചെയ്യുന്ന പൈശാചികതകൾ അപരന്മാരിൽ കെട്ടിവെക്കുകയെന്നതാണല്ലോ എക്കാലത്തെയും ഫാഷിസ്റ്റ് രീതി! ആർ.എസ്.എസ്സും ബജ്റംഗ്ദളും മുതൽ അഭിനവ് ഭാരതും ധർമശക്തി സേനയും വരെയുള്ള ഔദ്യോഗികവും അനൗദ്യോഗികവുമായ സംഘ് സംഘടനകളാണ് കലാപങ്ങൾക്കും സ്ഫോടനങ്ങൾക്കും പിന്നിലെന്ന് വാർത്തകൾ പരന്നിട്ടും നിയമം അവർക്ക് മുമ്പിൽ ഭജനമിരിക്കുകയാണ്!

ഇന്ത്യയിലുടനീളം ചെറുതും വലുതുമായ പല ആൾദൈവങ്ങളുമായി സംഘ്പരിവാറിനുള്ള ബന്ധം പരസ്യമാണ്. ആൾദൈവങ്ങളുടെയും അവരുടെ ആശ്രമങ്ങളുടെയും മറവിൽ നടക്കുന്ന സാമ്പത്തിക ഇടപാടുകളും വിദേശ ബന്ധങ്ങളും ദുരൂഹമാണ്. ആൾദൈവങ്ങളെ മറയാക്കി നടക്കുന്ന ആയുധ കടത്തിനെക്കുറിച്ചും വാർത്തകൾ കേൾക്കാറുണ്ട്. ആൾദൈവങ്ങളുടെ സംരക്ഷകരായി സംഘ്പരിവാർ രംഗത്തു വരുന്നതിന്റെ കാരണം എന്തായിരിക്കുമെന്ന് ഇതെല്ലാം ചേർത്ത് വായിച്ചാൽ മനസ്സിലാകും. സംഘ്പരിവാറിന്റെ സ്ഫോടനകേസുകളുടെ അന്വേഷണ പരിധിയിൽ ഇതും ഉൾപ്പെടുത്തേണ്ടതാണ്.

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ വിരിമാറിലേക്ക് വെടിയുതിർത്ത നാഥുറാം വിനായക് ഗോഡ്സെയുടെ പിൻമുറക്കാർ പ്രജ്ഞാ സിംഗുമാരുടെ വേഷത്തിൽ ഇന്ത്യയുടെ ഹൃദയം വീണ്ടും വീണ്ടും പിളർത്തിക്കൊണ്ടേയിരിക്കുന്നു. വർഗീയ കലാപങ്ങൾ, ക്രൂരമായ ന്യൂനപക്ഷ വേട്ടകൾ, ബി.ജെ.പി ഭരണത്തിലിരിക്കെയും അല്ലാതെയും നടക്കുന്ന രാഷ്ട്ര ഘടനയുടെ കാവിവൽക്കരണം, മസ്ജിദുകൾക്കും ചർച്ചുകൾക്കുമെതിരെ നടന്ന ആക്രമണങ്ങൾ.......... ഇവയുടെയെല്ലാം തുടർച്ചയാണ് സംഘ്പരിവാർ പ്രതിചേർക്കപ്പെട്ട സ്ഫോടനങ്ങൾ. ഇരുപതാം നൂറ്റാണ്ട് ഇന്ത്യക്ക് വർഗീയ കലാപങ്ങളുടേതായിരുന്നെങ്കിൽ ഇരുപത്തിയൊന്നാം നൂറ്റാണ്ട് സ്ഫോടനങ്ങളുടേതാണെന്ന് ചിലർ നിരീക്ഷിക്കുകയുണ്ടായി.

1992 മുതൽ സ്ഫോടനങ്ങൾ നടത്താൻ ബജ്റംഗ്ദൾ പോലുള്ള സംഘടനകൾ ബോംബ് നിർമാണം ആരംഭിച്ചതായാണ് സൂചന. എന്നാൽ രണ്ടായിരം ആണ്ടിനു ശേഷമാണ്, അതായത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലാണ് കൃത്യമായ ആസൂത്രണത്തോടെ ഇത്തരം സ്ഫോടനങ്ങൾ അരങ്ങേറാൻ തുടങ്ങിയത്. 1992-ൽ മധ്യപ്രദേശിൽ ബജ്റംഗ്ദൾ ബോംബ് നിർമിച്ചിരുന്നുവെന്നാണ് ഏറ്റവും പുതിയ റിപ്പോർട്ടുകൾ. നിർമാണത്തിനിടെയുണ്ടായ സ്ഫോടനത്തിൽ ബജ്റംഗ്ദളിന്റെ രണ്ട് പ്രവർത്തകർ കൊല്ലപ്പെടുകയും ചിലർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തിന് കൃത്യമായ തെളിവുണ്ടെന്നാണ് കോൺഗ്രസ് നേതാവ് ദിഗ്‌വിജയ് സിംഗ് പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നത് (I have evidence of RSS and VHP making bombs: Dig Vijay Sing by

Neha Dixit, 21 August, 2008 Tehalka). എന്നാൽ, '92-ൽ മാധ്യമങ്ങൾ ഇത്തരമൊരു സംഭവം റിപ്പോർട്ട് ചെയ്തതായോ അന്വേഷണാത്മക വാർത്തകൾ പ്രസിദ്ധീകരിച്ചതായോ പോലീസ് കേസെടുത്തതായോ വിവരമില്ല. ദിഗ്‌വിജയ് സിംഗിന്റെ പ്രസ്താവനക്കെതിരെ ബജ്റംഗ്ദൾ നേതാക്കളോ ഏതെങ്കിലും സംഘ്പരിവാർ സംഘടനയോ ഇതുവരെ രംഗത്തു വന്നതായി കണ്ടിട്ടില്ല.


■ ജർമൻ പാർലമെന്റ് മന്ദിരം അഗ്നിക്കിരയായപ്പോൾ

1993-2000 കാലത്ത് സംഘ്പരിവാർ നിരവധി സ്ഫോടനങ്ങൾ നടത്തിയതായി അറിയുന്നു. പക്ഷേ പോലീസ് കേസും മാധ്യമ ശ്രദ്ധയുമൊന്നും കാര്യമായി ഉണ്ടായില്ല. അവയിൽ നടക്കാതെ പോയ ചിലത് അതീവ ഗുരുതരവും ചില സംസ്ഥാനങ്ങളെയെങ്കിലും കലാപഭൂമിയാക്കാൻ പോന്നതുമായിരുന്നുവത്രെ. മലപ്പുറം ജില്ലയിലെ താനൂരിൽ 1993-ൽ ഉണ്ടായ സ്ഫോടനം ഉദാഹരണം (സ്ഫോടനങ്ങളുടെ ലിസ്റ്റ് നോക്കുക).

## മോഡിയുടെ കള്ള ബോംബ്

2008 ജൂലൈയിൽ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡി സൂറത്ത് സന്ദർശിക്കുന്നതിന്റെ രണ്ടു ദിവസം മുമ്പ്, സൂറത്തിൽനിന്ന് 20-ൽപരം ബോംബുകൾ കണ്ടെടുക്കുകയുണ്ടായി. ബോംബുകളെക്കുറിച്ച് വിവരം നൽകിയവർക്ക് 51 ലക്ഷം രൂപ സമ്മാനം പ്രഖ്യാപിച്ച മോഡി ഭീകരതക്കെതിരായ പോരാട്ടത്തെക്കുറിച്ച് വികാരംകൊണ്ടു. ബോംബുകൾക്ക് പിന്നിൽ 'സിമി'യുടെ കരങ്ങളാണെന്ന പ്രചാരണം നടക്കുന്നതിനിടെയാണ് പുരി ശങ്കരാചാര്യർ സ്വാമി അദോക്സജാനന്ദ ദേവ്തീർഥയുടെ ഞെട്ടിക്കുന്ന പ്രസ്താവന വന്നത്. "സൂറത്തിൽ പൊട്ടാതെ കിട്ടിയ ബോംബുകൾക്ക് പിന്നിൽ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിയുടെ ഗൂഢാലോചന തന്നെയാണെ"ന്ന് അദ്ദേഹം തുറന്നടിച്ചു. "വർഗീയ സംഘർഷം സൃഷ്ടിക്കാൻ വേണ്ടി മോഡി തന്നെ സ്ഥാപിച്ചതാണീ ബോംബുകൾ എന്ന് വിശ്വസിക്കാൻ എനിക്ക് കാരണങ്ങളുണ്ട്. ഈ ബോംബുകൾക്ക് പിന്നിലെ പ്രതി മോഡി തന്നെയാണ്. അടുത്തു വരുന്ന തെരഞ്ഞെടുപ്പിൽ മറ്റൊരു 'ഗോധ്ര' സൃഷ്ടിക്കാനുള്ള അജണ്ടയാണ് മോഡിയുടേത്. ഇതിനെക്കുറിച്ച് ജാഗ്രത കൈകൊള്ളണമെന്ന് ഞാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. വരുന്ന തെരഞ്ഞെടുപ്പിൽ ഹിന്ദു വോട്ടുകൾ ഏകീകരിക്കാനാണ് മോഡി ശ്രമിക്കുന്നത്. ചില സ്ഫോടനങ്ങൾക്ക് പിന്നിൽ ഐ.എസ്.ഐയുടെ പങ്ക് ഉണ്ടായേക്കാം. എന്നാൽ ഇപ്പോൾ പൊട്ടാതെ കിട്ടിയ 24 ബോംബുകളെക്കുറിച്ച കഥകളിൽ എനിക്ക് സംശയങ്ങളുണ്ട്. പോലീസിനെയും സിവിൽ മെഷനറിയെയും മോഡി ഉപയോഗിക്കുകയാണ്. മോഡി ഇതിന് മുമ്പും അത് ചെയ്തിട്ടുണ്ട്. ഇനിയും അത് ആവർത്തിക്കും. ഇസ്‌ലാമിന്റെ പ്രഥമ നിയോഗം തന്നെ ഇതര മതക്കാരെ ആദരിക്കുകയെന്നതാണ്. ഹിന്ദു മതത്തിന്റെ അധ്യാപനങ്ങളും സഹിഷ്ണുതയുടേതാണ്. പക്ഷേ, നരേന്ദ്ര മോഡി മതത്തെ രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടി ഉപയോഗിച്ചുകൊണ്ട് അതിനെ അട്ടിമറിക്കുകയാണ്" (indianexpress.com 2008 August 11, outlookindia.com 2008 August 18). ശങ്കരാചാര്യരുടെ പ്രസ്താവനക്ക് ശേഷം, സംഭവത്തെക്കുറിച്ച് സി.

ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് കോൺഗ്രസ് രംഗത്ത് വരികയുണ്ടായി. ശങ്കരാചാര്യരുടെ വെളിപ്പെടുത്തൽ ഗൗരവത്തിലെടുക്കുന്നുവെന്ന് പറഞ്ഞ കോൺഗ്രസ് വക്താവ് മനീഷ് തിവാരി സംഭവത്തിന്റെ നിജസ്ഥിതി പുറത്തുകൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയുണ്ടായി(www.indianexpress. com-PTI, 2008 August 11). ഗൗരവത്തോടെയുള്ള ഒരു പ്രതികരണവും ഇതിനോടൊന്നും മോഡിയുടെയോ ബി.ജെ.പിയുടെയോ ഭാഗത്തുനിന്നുണ്ടായില്ല; അന്വേഷണവും തഥാ.

സൂറത്തിൽ ബോംബ് സ്ഥാപിച്ചത് നരേന്ദ്രമോഡി തന്നെയാണെന്ന വെളിപ്പെടുത്തലിൽ വലിയ അത്ഭുതമൊന്നുമില്ല. തന്നെ വധിക്കാനെത്തിയ ചാവേർ സംഘത്തെ ഏറ്റുമുട്ടലിൽ വധിച്ചുവെന്ന് വെടി പറഞ്ഞ മോഡിയുടെ 'ഏറ്റുമുട്ടൽ കൊല'യുടെ പെരുംകള്ളങ്ങൾ കൃത്യമായ തെളിവുകളോടെ അനാവരണം ചെയ്യപ്പെട്ടതാണല്ലോ.

## ഗുജറാത്തിലെ ബോംബ് ഫാക്ടറികൾ

ഗുജറാത്ത് കലാപത്തിനു വേണ്ടി ബോംബുകൾ നിർമിച്ച് വ്യാപകമായി സ്ഫോടനങ്ങൾ നടത്തിയിരുന്നുവെന്ന് ആർ.എസ്.എസ്, ബജ്റംഗ്ദൾ പ്രവർത്തകർ തന്നെ തുറന്നു പറഞ്ഞിട്ടുള്ളതാണ്. ഹരീഷ് ഭട്ട്, ധവാൽ ജയന്തി പട്ടേൽ, അനിൽ പട്ടേൽ തുടങ്ങിയ സംഘ്പ്രവർത്തകരുടെ നേരിട്ടുള്ള വെളിപ്പെടുത്തലുകൾ 'തെഹൽക' പുറത്തുകൊണ്ടുവരികയുണ്ടായി. "എനിക്ക് സ്വന്തമായി തോക്ക് ഫാക്ടറിയുണ്ട്. ഞാൻ പടക്കമുണ്ടാക്കാറുണ്ടായിരുന്നു. എല്ലാ ബോംബുകളും ഞങ്ങൾ അവിടെയാണുണ്ടാക്കുന്നത്. ഡീസൽ ബോംബുകൾ, പൈപ്പ് ബോംബുകൾ.... എല്ലാം ഞങ്ങളവിടെയാണുണ്ടാക്കിയത്. ഒരു പൈപ്പിനുള്ളിൽ ഞങ്ങൾ ഒരു പരിപൂർണ റോക്കറ്റ് വിക്ഷേപിണി നിർമിച്ചു. തിരിച്ചറിയാതിരിക്കാൻ അതിന്മേൽ പൈപ്പുകൾ വെച്ചിരുന്നു. ദ്വാരം അടച്ച് അതിൽ മൂർച്ചയുള്ള കമ്പികളും വെടിമരുന്നുകളും നിറക്കും. അതിനു ചുവടെ 595 ബോംബ് വെക്കും"-ഹരീഷ് ഭട്ടിന്റെ വാക്കുകൾ.

തെഹൽക: ഇവിടെയാണോ ബോംബുകൾ നിർമിച്ചത്?

പട്ടേൽ: ഇവിടെ നിന്നാണ് എല്ലാം ഉണ്ടാക്കി കൊണ്ടുപോയത്. പാറ പൊട്ടിക്കുകയായിരുന്നു ഞങ്ങളുടെ ജോലി. സ്ഫോടനം നടത്താനുള്ള സാമഗ്രികൾ ഞങ്ങൾക്ക് കിട്ടുന്നു. ഞങ്ങൾക്ക് അവ എളുപ്പത്തിൽ ഉപയോഗിക്കാനാവും.

തെഹൽക: 2002-ൽ എത്ര ബോംബുകൾ ഉണ്ടാക്കിയിട്ടുണ്ടാകും?

പട്ടേൽ: ധാരാളം ബോംബുകൾ ഉണ്ടാക്കുകയും കയറ്റി അയക്കുകയും ചെയ്തു. അമൃത് ഭായി പട്ടേൽ എന്ന ബോംബു നിർമാണ വിദഗ്ധനാണ് ഞങ്ങളെ പഠിപ്പിച്ചത്. അയാൾ ആർ.എസ്.എസ്സിൽനിന്നാണ് വന്നത്. 1989ൽ ബോംബുണ്ടാക്കിയതിനു അയാൾ ജയിലിലായിരുന്നു.

തെഹൽക: അവ എങ്ങനെയാണ് ഉണ്ടാക്കിയതെന്ന് കാണിക്കാമോ?

പട്ടേൽ: (ധവാൽ ഗുജറാത്തിയിൽ തന്റെ ആളുകളോട് ബോംബുണ്ടാക്കുന്ന വസ്തുക്കൾ കൊണ്ടുവരാൻ പറയുന്നു) പാറകൾ പൊട്ടിക്കുന്നു... കല്ലുകളിൽ ഡയനാമിറ്റ് കുത്തിനിറക്കുന്നു... അങ്ങനെയാണ് പാറ പൊട്ടിച്ച് ചിതറിക്കുന്നത്.... ഭൂമി വലിയ ആഘാതത്തോടെ പൊട്ടിപ്പിളരുന്നു... അപ്പോൾ ആലോചിച്ചു നോക്കൂ, മനുഷ്യജീവികൾക്കെന്ത് സംഭവിക്കുമെന്ന്.... (Tehalka Special Issue, November 2007).

## മഹാരാഷ്ട്രയിലെ
## സ്ഫോടന ശൃംഖല

ഭീകരവിരുദ്ധ സ്കോഡ് (എ.ടി.എസ്) അറസ്റ്റ് ചെയ്ത, രമേഷ് ഹനുമന്ദ് ഗഡ്കരി(50), മങ്കേശ് ദിൻകർ നിഗം (34), വിക്രം ഭാവെ (26), സന്തോഷ് സീതാറാം

അൻക്രെ (26), ഡോ. ഹേമന്ത് മാൽകെ എന്നീ ഭീകരരാണ് പൻവേലിലെ ഒരു സിനിമാ തിയേറ്ററിൽ നടന്ന സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചത്. 'ജോധഅക്ബർ' സിനിമയുടെ സ്ക്രീനിംഗ് നടന്നുകൊണ്ടിരിക്കെയായിരുന്നു സ്ഫോടനം. 'ജോധ അക്ബർ' ഹിന്ദു വിരുദ്ധമാണെന്ന് ആരോപിച്ച് സംഘ്പരിവാർ നേരത്തേ രംഗത്ത് വന്നിരുന്നു. അതിൽ പ്രചോദിതരായാണ് ഹിന്ദു ജൻജാഗൃതി സമിതി-എച്ച്. ജെ.എസ്-യുടെയും സനാതൻ സൻസതിന്റെയും (എസ്.എസ്) പ്രവർത്തകർ തിയേറ്ററിൽ ബോംബു വെച്ചത്. 2008 ഫെബ്രുവരിയിലായിരുന്നു സംഭവം. 2008-ലെ ദീപാവലിക്ക് തൊട്ടു മുമ്പ് പെൻ വേൽ ഹൈവേയിലെ മസ്ജിദിന് പുറത്ത് ബോംബ് സ്ഥാപിച്ചതും ഇതേ സംഘം തന്നെയാണ്. അവരതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു. "ഞങ്ങൾ ചെയ്തതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഞങ്ങളുടെ ദേവീദേവന്മാരെ നിറംകെടുത്താൻ ശ്രമിച്ചവരെ ഭയപ്പെടുത്താൻ വേണ്ടിയാണത് ചെയ്തത്" (Spiritual as criminal?Time to Ban 'Hindu Janjagruti and Sanatan Sansta by Subhash Gatade, www.sacw.net, Communalism Repository- July 3, 2008).


■ നന്ദേഡ് സ്ഫോടനം

മഹാരാഷ്ട്ര-ഗോവ സംസ്ഥാനങ്ങളിൽ തീവ്ര ഹിന്ദുത്വ സംഘടനകളുടെ ഒരു ശൃംഖല തന്നെ പ്രവർത്തിക്കുന്നുണ്ട്. രാമരാജ്യം, ഹിന്ദു ധർമം, ധർമക്രാന്തി, മതനവോത്ഥാനം തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തുന്ന ഈ സംഘടനകൾ സ്ഫോടനങ്ങളും വർഗീയ കലാപങ്ങളുമുൾപ്പെടെയുള്ള വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നുവെന്നാണ് റിപ്പോർട്ട്. 'ആത്മഹത്യാ ബോംബിംഗ് സംഘങ്ങൾ' രൂപീകരിക്കാനുള്ള ബാൽതാക്കറെയുടെ ആഹ്വാനവും ശിവസേനയുടെ പ്രവർത്തനങ്ങളും ഇതിന്റെ ഉഗ്രരൂപങ്ങളാണ്. പെൻ ഹൈവേയിലെ വർസൈ ഗ്രാമത്തിൽനിന്ന്, 19 ജലാറ്റിൻ സ്റ്റിക്കുകളും രണ്ട് റിമോട്ടുകളും 20 ഡിറ്റനേറ്ററുകളുമുൾപ്പെടെയുള്ള സ്ഫോടകശേഖരം എ.ടി.എസ് പിടികൂടുകയുണ്ടായി. എ.ടി.എസ് കസ്റ്റഡിയിലെടുത്ത വിക്രം ഭാവെയെ ചോദ്യം ചെയ്തപ്പോൾ നിർണായകമായ പല വിവരങ്ങളും ലഭിച്ചതായാണ് എ.ടി.എസ്സിന്റെ അഡീഷണൽ കമീഷണർ പരംഭീർ സിംഗ് വെളിപ്പെടുത്തിയത് (Indian Express 208 June 23, Express News Service, Posted online: Saturday, June 21, 2008, www.sacw.net July 3,20008 by Subhash Gatade).

2008 ഏപ്രിൽ മാസത്തിൽ മഹാരാഷ്ട്രയിൽ രംഗത്തുവന്ന, തീവ്ര ഹിന്ദുത്വ സംഘടനയാണ് 'ധർമശക്തി സേന'. സൈനിക വേഷം ധരിച്ചായിരുന്നു സേനയിലെ അംഗങ്ങൾ ഉദ്ഘാടന ദിവസം പരേഡുകൾ നടത്തിയത്. മഹാരാഷ്ട്രയിലെ പതിനാറ് ജില്ലകളിലും സേന പ്രവർത്തനം സജ്ജമായിക്കഴിഞ്ഞു. സേനയുടെ അധ്യക്ഷൻ വിനയ് പൻവാൽകർ മഹാരാഷ്ട്രയിലൂടനീളം സഞ്ചരിച്ച് സ്ഫോടനാത്മകമായ പ്രസംഗങ്ങൾ നടത്തി അനുയായികളെ ഇളക്കിവിടാൻ ശ്രമിക്കുകയുണ്ടായി. പൂനയിലെ ഒരു യോഗത്തിൽ, 'ഹിന്ദുക്കൾ രക്ഷാമാർഗമില്ലാത്തവിധം പ്രതിസന്ധി


യിലായിരിക്കുന്നു. പക്ഷേ, അവർക്ക് പ്രതികാരം ചെയ്യാനോ തിരിച്ചടിക്കാനോ വഴിയില്ല' എന്നാണ് അദ്ദേഹം പ്രസംഗിച്ചത്. താനെയിലെ പ്രസംഗത്തിലെ ഒരു വാചകം ഇങ്ങനെയായിരുന്നു: "വരുംനാളുകളിൽ നടക്കാനിരിക്കുന്നത് ധർമയുദ്ധമാണ്, അതിന്റെ ദിശ നിർണയിക്കുന്ന ശക്തി ധർമശക്തി സേനയായിരിക്കും" (Indian Express- June 23, 2008, www.sacw.net July 3, 2008 by subhash Gatade).

## ഇരുപത്തിയഞ്ചോളം സ്ഫോടനങ്ങൾ

ലഭ്യമായേടത്തോളം വിവരങ്ങളനുസരിച്ച് 25-ഓളം വലുതും ചെറുതുമായ സ്ഫോടനങ്ങൾ സംഘ്പരിവാറിന്റേതായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നതായി വാർത്ത വന്നിട്ടുണ്ട്. അവയൊക്കെ ഏതോ അർഥത്തിൽ തമസ്കരിക്കപ്പെടുകയായിരുന്നു. മാധ്യമങ്ങളിൽ അവ പ്രാദേശിക പേജുകളിലോ ചരമകോളങ്ങളിലോ ഒതുങ്ങി. പോലീസ് ചിലപ്പോൾ പെറ്റികേസുകൾ മാത്രം ചാർജ് ചെയ്തു. തീവ്രവാദത്തിനും ഭീകരാക്രമണങ്ങൾക്കുമെതിരെ ചാനൽ കാമറക്കു മുമ്പിൽ 'സ്ഫോടനം' നടത്തുന്നവർ, സംഘ്പരിവാറിന്റെ സ്ഫോടനങ്ങൾ കണ്ടതേയില്ല. മഹാരാഷ്ട്ര ഭീകരവിരുദ്ധ സംഘത്തിന്റെ തലവൻ ഹേമന്ത് കർക്കരെയുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ഇതിൽ പെട്ട ഒന്നു രണ്ട് കേസുകളുമായി ബന്ധപ്പെട്ട് നിർണായക വിവരങ്ങൾ പുറത്തുകൊണ്ടുവരികയും, 2008 അവസാനത്തോടെ ഇതു സംബന്ധിച്ച പ്രധാന വാർത്തകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്തപ്പോഴാണ് സംഘ്പരിവാർ സ്ഫോടനങ്ങളുടെ ഭീകരത രാജ്യം കണ്ടത്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി രാജ്യസുരക്ഷക്കായി നിയോഗിക്കപ്പെട്ട സൈനികൻ വരെ സ്ഫോടനങ്ങൾ നടത്തിയതിൽ പങ്കാളിയാണെന്ന് വ്യക്തമായി. അതും ദേശസ്നേഹം പ്രസംഗിക്കുന്ന സംഘ്പരിവാറിന് വേണ്ടി; ഈ സൈനികൻ അറബിപ്പേരുള്ള ഒരാളായിരുന്നെങ്കിൽ!

ഇന്ത്യയിൽ നടന്ന പല സ്ഫോടനങ്ങളെക്കുറിച്ചും സംഭവം നടന്ന ഉടൻതന്നെ മനുഷ്യാവകാശ പ്രവർത്തകരും മതേതര കക്ഷികളും ഇടതുപക്ഷ പാർട്ടികളും സംശയം ഉന്നയിച്ചിരുന്നു, വിശദമായ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. ചിലതിൽ സംഘ്പരിവാർ തന്നെയാണ് പ്രതികളെന്ന് സൂചനകളുണ്ടായിരുന്നു. എന്നാൽ പോലീസോ രഹസ്യാന്വേഷണ ഏജൻസികളോ സ്ഫോടനങ്ങൾക്ക് പിന്നിലെ സംഘ്പരിവാർ ബന്ധം ഗൗരവപൂർവം അന്വേഷിച്ചില്ല. ഏതൊരു സ്ഫോടനമുണ്ടായാലും അപസർപ്പകകഥകൾ മെനയുന്ന മീഡിയയും അവർക്കു നേരെ പേരിനു പോലും കാമറ ചലിപ്പിച്ചില്ല. ഒരു റിപ്പോർട്ടറുടെയും കോളമിസ്റ്റിന്റെയും പേന, 'സംസ്കൃതം, ഹിന്ദി, മാറാത്ത' ഭാഷകളിൽ പേരുള്ള സംഘടനകളുടെയോ വ്യക്തികളുടെയോ നിഴലുകൾ പോലും പരാമർശിച്ചില്ല. പ്രജ്ഞാ സിംഗും കേണൽ പുരോഹിതും ഉൾപ്പെടെയുള്ള സംഘ്പരിവാർ ഭീകരർ പിടിക്കപ്പെട്ട പല സ്ഫോടനക്കേസുകളിലും പോലീസും രഹസ്യാന്വേഷകരും മാധ്യമങ്ങളും ആദ്യഘട്ടത്തിൽ പ്രതിചേർത്തത് അറബിപ്പേരുള്ള സംഘടനകളെയും വ്യക്തികളെയും തന്നെയായിരുന്നു. എവിടെ സ്ഫോടനം നടന്നാലും മുസ്‌ലിംകൾ പ്രതികളാക്കപ്പെട്ടു. ലശ്കറെ ത്വയ്ബയും ഇന്ത്യൻ മുജാഹിദീനും അൽഖയ്ദയും സിമിയും തന്നെയാണ് എല്ലാറ്റിനും പിന്നിലെന്നും മന്ത്രോച്ചാരണങ്ങൾ ഉയർന്നു. എല്ലാ കേസുകളിലും ചോദ്യം ചെയ്യാൻ വിളിപ്പിച്ചത് മുസ്‌ലിം യുവാക്കളെ മാത്രം! സിമിയുമായി ഒരു കാലത്തും ബന്ധമില്ലാത്ത നിരപരാധികൾ വരെ തീവ്രവാദികളായി മുദ്രകുത്തപ്പെട്ടു.

ഒരു സ്ഫോടനം നടന്നാൽ വ്യത്യസ്തങ്ങളും ഭിന്ന വിരുദ്ധങ്ങളുമായ സാധ്യതകൾ അന്വേഷണ ഉദ്യോഗസ്ഥരുടെ മുമ്പിൽ വരും. ആ വഴിക്കൊക്കെ അന്വേഷണം നടക്കുകയും ചെയ്യും. പ്രതീക്ഷിക്കാത്ത പ്രതികളായിരിക്കും അവസാനം പിടിക്കപ്പെടുക. എന്നാൽ ഇന്ത്യയിൽ നടന്ന എല്ലാ സ്ഫോടനങ്ങൾക്കു പിന്നിലും ഒരൊറ്റ സാധ്യത മാത്രമേ അന്വേഷണ ഏജൻസികളും മാധ്യമങ്ങളും കണ്ടുള്ളൂ. 'മുസ്‌ലിംകളെല്ലാം ഭീകരരല്ലെങ്കിലും ഭീകരരെല്ലാം മുസ്‌ലിംകളാണെന്നത്' തീവ്രവാദ-ഭീകരവാദ അന്വേഷണത്തിന്റെ അടിസ്ഥാന പ്രമാണമായതുപോലെയാണ് കാര്യങ്ങൾ മുന്നോട്ടു പോയത്. നോമ്പ്, പെരുന്നാൾ, വെള്ളിയാഴ്ച, പള്ളി, മദ്റസ, ദർഗ തുടങ്ങിയ മുസ്‌ലിം വിശേഷദിവസങ്ങളിലും കേന്ദ്രങ്ങളിലും നടന്ന സ്ഫോടനങ്ങളിൽ പോലും അറബിപ്പേരില്ലാത്ത ഒരു സംഘത്തിന്റെയോ സംഘ്പരിവാറിന്റെയോ പങ്കാളിത്തം അന്വേഷണ വിധേയമായില്ല. മുഖ്യധാരാ മാധ്യമങ്ങളൊന്നും ആ വഴിക്ക് അന്വേഷിച്ച് പോയതുമില്ല. അന്വേഷണ ഉദ്യോഗസ്ഥരും സംഘ്പരിവാറും പറയുന്നതായിരുന്നു അവർക്ക് വേദവാക്യം. ഒരു ഭാഗത്ത് രാജ്യദ്രോഹപരമായ സ്ഫോടനങ്ങൾ നടത്തിക്കൊണ്ടിരുന്നവർതന്നെ, മറുഭാഗത്ത് സ്ഫോടനങ്ങൾക്കെതിരെ പ്രസ്താവനകളിറക്കുകയും പഥസഞ്ചലനം നടത്തുകയും ചെയ്തുകൊണ്ടിരുന്നു. തങ്ങൾതന്നെ നടത്തിയ സ്ഫോടനങ്ങളെക്കുറിച്ച്, അവ ലശ്കറും സിമിയും മറ്റും നടത്തിയതാണെന്ന് പറഞ്ഞു. ഹിറ്റ്ലറുടെയും ഗുരുവായ ഫറോവയുടെ നാവ് കൊണ്ടാണ് അവർ സംസാരിച്ചത്; സ്ഫോടന വിഷയത്തിൽ മാത്രമല്ല, ലൗ ജിഹാദിന്റെ കാര്യത്തിലും.


■ നരേന്ദ്ര മോഡിയുടെ ആയുധപൂജ

ഈജിപ്തിന്റെ അധിപനായിരുന്ന ഫറോവ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി രാജ്യത്ത് വർഗീയ വൈരം വളർത്തി. ഭൂരിപക്ഷ ഖിബ്തി വംശീയതയെ ഊതിക്കത്തിച്ച് ന്യൂനപക്ഷമായ ഇസ്രാഈൽ വംശജർക്കെതിരെ തിരിച്ചുവിട്ടു. ഇന്ത്യയിൽ സംഘ്പരിവാർ ചെയ്യുന്നതെന്തോ അതാണ് ഫറോവയും ഖിബ്തികളും അന്നത്തെ രൂപത്തിൽ ചെയ്തത്.

വിമോചകനായി വന്ന സാത്വികനായ പ്രവാചകൻ മൂസായെ നോക്കി ഫറോവ രണ്ട് കാര്യങ്ങൾ പ്രഖ്യാപിച്ചു. ഒന്ന്, മൂസാ നിങ്ങളെ മതപരിവർത്തനം നടത്തുമെന്ന് ഞാൻ പേടിക്കുന്നു. രണ്ട്, മൂസാ ഭീകരവാദം അഴിച്ചുവിടുമെന്ന് ഞാൻ ഭയക്കുന്നു.

ന്യൂനപക്ഷത്തിലെ പുരുഷന്മാരെ കൊന്നൊടുക്കുകയും സ്ത്രീകളെ ബലാത്സംഗത്തിനിരയാക്കുകയും ചെയ്ത ഫറോവ പക്ഷേ സാത്വികനായ മൂസായെയാണ് ഭീകരവാദിയാക്കി ചിത്രീകരിച്ചത്! സംഘ്പരിവാർ ചെയ്തതും ഇതുതന്നെ. ഭരണകൂടം, ഉദ്യോഗസ്ഥർ, നിയമപാലകർ, നീതിപീഠം, മീഡിയ തുടങ്ങിയ ജനാധിപത്യത്തിന്റെ എസ്റ്റേറ്റുകളൊന്നും പരിവാറിന്റെ 'പശു പുല്ലുതിന്നതി'ന്റെ സാധ്യത പോലും അന്വേഷിക്കാത്തതിനാൽ, പ്രതിക്കൂട്ടിൽ നിർത്തേണ്ടവർ ദേശസ്നേഹത്തിന്റെ വക്താക്കളായിത്തന്നെ തുടർന്നു. അഹ്മദാബാദ് സ്ഫോടനവുമായി ബന്ധപ്പെട്ട ഇമെയിലിന്റെ

പിന്നിലെ പ്രതിയെന്ന് സംശയിക്കപ്പെട്ട അമേരിക്കക്കാരനെ ചോദ്യം ചെയ്യാതെ വിമാനം കയറ്റിവിട്ടത് അബദ്ധമായിരുന്നോ അതോ ആസൂത്രിത നീക്കംതന്നെയോ? ദൽഹിയെന്ന, സുരക്ഷാവലയത്തിൽ കഴിയുന്ന നമ്മുടെ തലസ്ഥാന നഗരിയിൽ നട്ടുച്ചക്ക് സ്കൂട്ടറിൽ വന്ന് ബോംബ് സ്ഫോടനം (2008 സെപ്റ്റംബർ) നടത്തിയവർക്ക് എളുപ്പത്തിൽ രക്ഷപ്പെടാൻ സാധിച്ചതെങ്ങനെ? ആരായിരുന്നു മെഹ്റോളി സ്ഫോടനത്തിന് പിന്നിൽ? ഈ ചോദ്യങ്ങളിൽ പലതും ഉത്തരം കിട്ടാതെ അലയുകയാണ്. വ്യക്തമായ തെളിവുകളോടെ സംഘ്പരിവാർ പ്രതിസ്ഥാനത്തുള്ള ഇരുപത്തിയഞ്ചോളം ഭീകര സ്ഫോടനങ്ങളുടെ ഉള്ളറകൾ നാം അറിയേണ്ടതുണ്ട്.

(തുടരും)

sadarvzkd@yahoo.co.in

# സംഘ്പരിവാറും ബോംബ് സ്ഫോടനങ്ങളും

(വിവിധ സംഘ്പരിവാർ സംഘടനകൾ ആസൂത്രണം ചെയ്തവയെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതും പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയതുമായ സ്ഫോടന ങ്ങൾ. ദുരൂഹമായവ ഒട്ടേറെ വേറെയുമുണ്ട്).

| | | |
|---|---|---|
| 1 | 1992 മധ്യപ്രദേശ് | * ബോംബ് നിർമാണത്തിനിടെ സ്ഫോടനം<br>* 2 ബജ്റംഗ്ദൾ പ്രവർത്തകർ കൊല്ലപ്പെട്ടു<br>* ഏതാനും പ്രവർത്തകർക്ക് പരിക്ക്<br>* സംഭവത്തിന് തെളിവുണ്ടെന്ന് ദിഗ്‌വിജയ് സിംഗ് |
| 2 | 1993 സെപ്റ്റംബർ 6<br>താനൂർ, മലപ്പുറം<br>കേരളം | * താനൂർ മൂലക്കൽ ബി.ജെ.പിക്കാരന്റെ വീട്ടിൽ ബോംബ് നിർമാണത്തിനിടെ സ്ഫോടനം<br>* ആർ.എസ്.എസ് നേതാവ് തിരുവനന്തപുരം സ്വദേശി ശ്രീകാന്ത് മരിച്ചു. 2 ആർ.എസ്.എസുകാർക്ക് പരിക്ക്.<br>* ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രക്കുനേരെ എറിയാനെന്ന് വെളിപ്പെടുത്തൽ, 'മലപ്പുറം ജില്ലയെ ദൈവം രക്ഷിച്ചു'-എസ്.പി. ഉമ്മൻ കോശി |
| 3 | 1999 ജൂലൈ 29<br>മട്ടാഞ്ചേരി, കൊച്ചി<br>കേരളം | * ബി.ജെ.പി എറണാകുളം ജില്ലാ സെക്രട്ടറി വാമന പ്രഭുവിന്റെ വീട്ടിൽ സ്ഫോടനം<br>* ഇരുപതോളം നാടൻ ബോംബുകൾ പൊട്ടിയതിന്റെ അപകടവ്യാപ്തി<br>* ബോംബ് നിർമാണ വസ്തുക്കൾ കണ്ടെടുത്തു<br>* 2000 മാർച്ച് 22നു വാമനപ്രഭുവിന്റെ സഹോദരൻ വേണുഗോപാലിനെ അറസ്റ്റുചെയ്തു |
| 4 | 2003 നവംബർ 21<br>മുഹമ്മദിയ്യ മസ്ജിദ്<br>പർഭാനി മറാത്ത്‌വാഡ,<br>മഹാരാഷ്ട്ര | * റമദാനിൽ വെള്ളിയാഴ്ച ജുമുഅ നമസ്കാരം കഴിഞ്ഞ ഉടൻ സ്ഫോടനം<br>* 2 മോട്ടോർ ബൈക്കുകളിലെത്തിയവർ പള്ളിയിലേക്ക് ബോംബെറിഞ്ഞു<br>* 35 പേർക്ക് പരിക്ക് |
| 5 | 2004 ആഗസ്റ്റ് 27<br>ഖാദിരിയ്യ മസ്ജിദ് ജൽന<br>മഹാരാഷ്ട്ര | * വെള്ളിയാഴ്ച ജുമുഅ സമയത്ത് ബോംബ് സ്ഫോടനം - സമയം 1.30<br>* സ്കൂട്ടറിലെത്തിയവരാണ് സ്ഫോടനം നടത്തിയത്<br>* 18 പേർക്ക് പരിക്ക് |
| 6 | 2004 ആഗസ്റ്റ് 27<br>മിഅ്റാജുൽഉലൂം<br>മദ്റസ മസ്ജിദ്<br>പൂർണ, മഹാരാഷ്ട്ര | * വെള്ളിയാഴ്ച ജുമുഅ സമയത്ത് സ്ഫോടനം - സമയം 1.50<br>* സ്കൂട്ടറിലെത്തിയവരാണ് സ്ഫോടനം നടത്തിയത്<br>* ഏതാനും പേർക്ക് പരിക്ക് |

| | | |
|---|---|---|
| 7 | 2006 ഏപ്രിൽ 6<br>നന്ദേഡ്<br>മറാത്ത്‌വാഡ<br>മഹാരാഷ്ട്ര | * പെരുന്നാൾ ദിനത്തിൽ ഔറംഗാബാദ് മസ്ജിദിൽ സ്ഫോടനം നടത്താൻ ബോംബ് നിർമിക്കുന്നതിനിടെ സ്ഫോടനം<br>* രണ്ട് ബജ്റംഗ്ദൾ പ്രവർത്തകർ മരിച്ചു<br>* നാല് ബജ്റംഗ്ദൾ പ്രവർത്തകർക്ക് പരിക്ക്<br>* 16 പേരെ അറസ്റ്റ് ചെയ്തു<br>* രണ്ടാം ദിവസം ജാമ്യം |
| 8 | 2006 ഏപ്രിൽ 14<br>ജുമാമസ്ജിദ്<br>ദൽഹി | * ദൽഹിയിലെ പ്രസിദ്ധമായ പള്ളിയിൽ സ്ഫോടനം<br>* 15 പേർക്ക് പരിക്ക്<br>* സാരി ചുറ്റിയ യുവതി ഒരു കവർ കൊണ്ടുവെക്കുന്നത് കണ്ടു<br>* ലശ്കറെ ത്വയ്ബയെ സംശയിച്ചു, മുസ്‌ലിം യുവാക്കളെ ചോദ്യം ചെയ്തു |
| 9 | 2006 സെപ്റ്റംബർ 8<br>ഹാമിദിയ്യ മസ്ജിദ്<br>മാലേഗാവ് നാസിക്<br>ജില്ല മഹാരാഷ്ട്ര | * ബറാത്ത് നാളിലെ ജുമുഅ നമസ്കാരാനന്തരം പള്ളിയിൽ രണ്ട് സ്ഫോടനങ്ങൾ<br>* 37 മരണം, 200 പേർക്ക് പരിക്ക്<br>* കൃത്രിമ താടിയുള്ള മൃതദേഹം കാണപ്പെട്ടു<br>* ബജ്റംഗ്ദളുകാരായ പ്രതികളുടെ വീട്ടിൽനിന്ന് മുസ്‌ലിംകൾ ധരിക്കുന്ന തൊപ്പിയും വസ്ത്രങ്ങളും കണ്ടെടുത്തു |
| 10 | 2007 ഫെബ്രുവരി 19<br>സംഝോത<br>എക്സ്പ്രസ്<br>ഹരിയാന | * പാകിസ്താനിലേക്കുള്ള ട്രെയിനിൽ ഹരിയാനയിലെ പാനിപ്പത്തിൽ വെച്ച് സ്ഫോടനം<br>* 68 പേർ മരിച്ചു, ഏറെയും പാകിസ്താനികൾ<br>* 13 പേർക്ക് പരിക്ക്<br>* സൈന്യത്തിന്റെ ആർ.ഡി.എക്സ് ഉപയോഗിച്ചു<br>* ഡസനോളം പൊട്ടാത്ത ബോംബുകൾ ട്രെയിനിൽനിന്ന് കണ്ടെടുത്തു |
| 11 | 2007 മെയ് 18<br>മക്കാ മസ്ജിദ്<br>ഹൈദരാബാദ്<br>ആന്ധ്ര | * ഔറംഗാബാദിലെ 400 വർഷത്തെ ചരിത്രമുള്ള ജുമാ മസ്ജിദിൽ നമസ്കാരം കഴിഞ്ഞ ഉടൻ സ്ഫോടനം<br>* 16 മരണം, 60 പേർക്ക് പരിക്ക്<br>* 3 പേർ മരിച്ചത് പോലീസ് വെടിവെപ്പിൽ<br>* പൊട്ടാത്ത രണ്ട് ബോംബുകൾ കണ്ടെത്തി |
| 12 | 2007 ഒക്ടോബർ 11<br>അജ്മീർ ദർഗ<br>രാജസ്ഥാൻ | * റമദാനിലെ അവസാന വെള്ളിയാഴ്ച രാവിൽ നോമ്പ്തുറ സമയത്ത് സ്ഫോടനം<br>* മൂന്ന് പേർ മരിച്ചു, 20 പേർക്ക് പരിക്ക്<br>* മുസ്‌ലിം യുവാക്കളെ വേട്ടയാടി, ബംഗ്ലാദേശ് തീവ്രവാദ സംഘമെന്ന അഭ്യൂഹം പരത്തി |

| | | |
|---|---|---|
| 13 | 2008 ജനുവരി 24<br>തെങ്കാശി<br>തമിഴ്നാട് | * ആർ.എസ്.എസ് കാര്യാലയത്തിലും ബസ്സ്റ്റാന്റിലും ഉഗ്ര സ്ഫോടനം<br>* മുസ്‌ലിം ഭീകരരെ പിടികൂടണമെന്നാവശ്യപ്പെട്ട് സംഘ്പരിവാർ തെരുവിലിറങ്ങി<br>* 7 സംഘ്പരിവാർ പ്രവർത്തകർ അറസ്റ്റിൽ<br>* വർഗീയ കലാപം സൃഷ്ടിക്കാനായിരുന്നു ശ്രമമെന്ന് വെളിപ്പെടുത്തൽ |
| 14 | 2008 ഫെബ്രുവരി 16<br>ശിവപുരം മട്ടന്നൂർ<br>കണ്ണൂർ, കേരളം | * ആർ.എസ്.എസ് പ്രവർത്തകന്റെ വീട്ടിൽ പുലർച്ചെ ഒരു മണിക്ക് സ്ഫോടനം<br>* മൂന്നുപേർക്ക് പരിക്ക്, വീടിന് കേട്പാട് സംഭവിച്ചു. |
| 15 | 2008 ഫെബ്രുവരി<br>സിനിമാ തിയേറ്റർ<br>പനവേൽ | * പനവേൽ സിനിമാ തീയേറ്ററിൽ സ്ഫോടനം<br>* 'ജോധാ അക്ബർ' സിനിമയുടെ സ്ക്രീനിംഗ് നടക്കുന്നതിനിടെയാണ് ആക്രമണം |
| 16 | 2008 മാർച്ച് 19<br>ശ്രീകാര്യം തിരുവനന്തപുരം<br>കേരളം | * ശ്രീകാര്യം കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ സ്ഫോടനം<br>* നിർമാണത്തിനിടെയുള്ള അപകടം<br>* ആർ.എസ്.എസ് പ്രവർത്തകന് പരിക്ക് |
| 17 | 2008 ജൂൺ<br>ഗഡ്കരി ഓഡിറ്റോറിയം താനെ | * തിയേറ്ററിൽ ബോംബാക്രമണം.<br>* ഹിന്ദുജാഗരൺ സമിതിയുടെ ആറ് പ്രവർത്തകർ അറസ്റ്റിൽ |
| 18 | 2008 ആഗസ്റ്റ് 24<br>കാൺപൂർ | * ബോംബ് നിർമാണത്തിനിടെ സ്ഫോടനം<br>* രണ്ട് ബജ്റംഗ്ദൾ പ്രവർത്തകർ മരിച്ചു<br>* അമോണിയം നൈട്രേറ്റ്, ഗ്രനേഡ്, ടൈമർ തുടങ്ങിയ ബോംബ് നിർമാണ കേന്ദ്രത്തിൽനിന്ന് കണ്ടെടുത്തു |
| 19 | 2008 സെപ്റ്റംബർ 29<br>മാലേഗാവ്<br>മഹാരാഷ്ട്ര | * പള്ളിക്ക് സമീപം ബോംബ് ഘടിപ്പിച്ച മോട്ടോർ സൈക്കിൾ പൊട്ടിത്തെറിച്ചു<br>* നൂറാനി മസ്ജിദിൽ തറാവീഹ് നമസ്കാരം കഴിയുന്നതിന് 10 മിനിറ്റ് മുമ്പാണ് സംഭവം<br>* അഭിനവ് ഭാരത് എന്ന സംഘടനയുടെ നേതൃത്വത്തിലായിരുന്നു സ്ഫോടനം<br>* സ്വാമിനി പ്രജ്ഞാസിംഗ് ഉൾപ്പെടെയുള്ളവർ പ്രതികൾ |
| 20 | 2008 സെപ്റ്റംബർ 29<br>മൊഡാസ, ഝാർഖണ്ഡ്,<br>ഗുജറാത്ത് | * ഹിദായത്ത് മസ്ജിദ് നൂറ് മീറ്റർ അടുത്ത് സ്ഫോടനം<br>* റമദാനിൽ, രാത്രി തറാവീഹ് നമസ്കാരം കഴിഞ്ഞ ഉടൻ<br>* ഒരു മരണം, 9 പേർക്ക് പരിക്ക് |

| | | |
|---|---|---|
| 21 | 2008 നവംബർ 10<br>തലശ്ശേരി, കണ്ണൂർ<br>കേരളം | * തലശ്ശേരിക്കടുത്ത ചെറുവാഞ്ചേരിയിൽ ബോംബ് നിർമാണത്തിനിടെ സ്ഫോടനം<br>* രാവിലെ ഏഴുമണിക്കാണ് സംഭവം<br>* 2 ആർ.എസ്.എസ് പ്രവർത്തകർ മരിച്ചു |
| 22 | 2009 മാർച്ച് 1<br>തുരുത്ത്, ആലുവ<br>കേരളം | * ബോംബ് നിർമാണത്തിനിടെ സ്ഫോടനം<br>* ആർ.എസ്.എസ് പ്രവർത്തകൻ രതീഷിന് ഗുരുതരമായ പരിക്ക്<br>* കൂടെയുണ്ടായിരുന്ന 3 പേർ ഓടി രക്ഷപ്പെട്ടു.<br>* പരിക്കേറ്റ് റോഡരികിൽ കിടന്ന രതീഷിനെ നാട്ടുകാർ ഹോസ്പിറ്റിലിലെത്തിച്ചു |
| 23 | 2009 ഒക്ടോബർ 16<br>മഡ്ഗാവ്, ഗോവ | * വെള്ളിയാഴ്ച രാത്രി 9.30നു സ്ഫോടനം<br>* ബോംബ് ഘടിപ്പിച്ച സ്കൂട്ടർ ഗതാഗതക്കുരുക്കിനിടയിൽ പൊട്ടിത്തെറിച്ചു<br>* സ്കൂട്ടറിൽ സഞ്ചരിച്ച സനാതൻ സൻസത് പ്രവർത്തകരാണ് മരിച്ചത്<br>* ഗോവയിൽ വർഗീയ സംഘർഷം സൃഷ്ടിക്കാനായിരുന്നു ശ്രമം |